# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5930** **04.07.2019 ൽ മറുപടിക്ക്**

### കോഴിപ്പിള്ളി-പാലിയത്ത് കടവ് പാലം

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കോതമംഗലം മണ്ഡലത്തിലെ കോഴിപ്പിള്ളി-പാലിയത്ത് കടവ് പാലം നിർമ്മിക്കുന്നത് സംബന്ധിച്ച് കോതമംഗലം മുനിസിപ്പൽ പ്രദേശത്തെ നിവാസികൾ സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിലുള്ള 32846/പി 3/16/റവന്യൂ നമ്പർ ഫയൽ, പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് പാലം നിർമ്മിക്കുന്ന കാര്യം പരിഗണിക്കണം എന്നാവശ്യപ്പെട്ട് പൊതുമരാമത്ത് വകുപ്പിലേക്ക് അയച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ആയത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിൽ കമ്പ്യൂട്ടർ നമ്പർ 1776319, ഫയൽ നമ്പർ ഡി1/350/17 പ്രകാരം സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വ്യക്തമാക്കാമോ; | (ബി) 19.09.2017 ലെ ഡി1/350/17/പി.ഡബ്ല്യു.ഡി കത്തിന്റെ അടിസ്ഥാനത്തിൽ കോതമംഗലം മണ്ഡലത്തിലെ കോഴിപ്പിള്ളി പാലിയത്ത് കടവ് പാലം നിർമ്മിക്കുന്നതിന് വേണ്ടി മണ്ണ് പരിശോധന ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് റിപ്പോർട്ട് ഡിസൈൻ ലഭ്യമാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് നൽകിയിട്ടുണ്ട്. |
| (സി) കോഴിപ്പിള്ളി-പാലിയത്ത് കടവ് പാലം നിർമ്മിക്കണമെന്ന ആവശ്യം ന്യായവും പരിഗണനാർഹവുമാണെന്ന ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ആവശ്യകത മുൻനിർത്തി പ്രസ്തുത പാലം നിർമ്മിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ? | (സി) ടി പ്രവൃത്തിക്ക് 2019-20 ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ഡിസൈൻ ലഭിച്ചാൽ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**